(ഡി) പ്രസ്തുത റോഡ് ഏറ്റെടുത്തതിനുശേഷം മറ്റ് നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ കാലതാമസം വന്നത് ഫയൽ പെൻഡിംഗിൽ വയ്ക്കാൻ ആരെങ്കിലും നിർദ്ദേശിച്ചിരുന്നതിനാലാണോ ; വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ടെണ്ടർ നമ്പർ 25/എസ്.ഇ സി. സി.എ./99/2000 പ്രകാരം 6-4-2000-ന് ടി പണിയുടെ ടെണ്ടർ നിശ്ചയിച്ചിട്ടുണ്ട്.

(ബി) 19-3-1996-ലെ ജി. ഒ. (ആർ. റ്റി.) 705/95 പൊ.മ.വ.പ്രകാരം പ്രസ്തുത റോഡ് പി. ഡബ്ല്യു.ഡി. ഏറ്റെടുത്തിട്ടുണ്ട്.

(സി) എസ്റ്റിമേറ്റ് തുക 99.90 ലക്ഷം രൂപയാണ്. 1999-2000 ലെ 20 ലക്ഷം രൂപയുടെ പ്രൊവിഷനിൽ ഒന്നും ചിലവഴിച്ചിട്ടില്ല. 2000-2001-ൽ 2 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ഡി) ഒരു നിർദ്ദേശവും ലഭിച്ചിട്ടില്ല..

ഏറ്റുമാനൂർ - പൂഞ്ഞാർ സ്റ്റേറ്റ് ഹൈവേ ദീർഘിപ്പിക്കാൻ നടപടി

84 (3725) ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏറ്റുമാനൂർ - പൂഞ്ഞാർ സ്റ്റേറ്റ് ഹൈവേ കോട്ടയം മെഡിക്കൽ കോളേജ് വരെ അതിരംപുഴ, മാന്നാനം വഴി ദീർഘിപ്പിക്കുന്നതിന് 1994-95-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ അംഗീകരിച്ചിരുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത സ്റ്റേറ്റ് ഹൈവേ ഏറ്റുമാനൂരിൽ നിന്ന് അതിരംപുഴ മാന്നാനംവഴി മെഡിക്കൽ കോളേജ് വരെ ദീർഘിപ്പിക്കുന്നതിന് കരട് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നോ ;

(സി) എങ്കിൽ ഇതിൻമേൽ എന്തു നടപടികൾ സ്വീകരിച്ചു എന്ന് അറിയിക്കാമോ ;

(ഡി) എം.സി. റോഡിൽ ഏറ്റുമാനൂർ മുതൽ കോട്ടയം വരെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന്, എറ്റുമാനൂർ - പൂഞ്ഞാർ സ്റ്റേറ്റ് ഹൈവേ മെഡിക്കൽ കോളേജ് വരെ ദീർഘിപ്പിക്കുന്ന ജോലികൾ എത്രയും വേഗം പൂർത്തിയാക്കാൻ നടപടികൾ സ്വീകരിക്കുമോ ;

(ഇ) 11-12-1997-ൽ പുതുക്കിയ ഭരണാനുമതി നൽകുന്നതിന് മുമ്പ് ഏറ്റുമാനൂർ-പൂഞ്ഞാർ റോഡ് സ്റ്റേറ്റ് ഹൈവേയായി പ്രഖ്യാപിച്ചിരുന്നോ ;

(എഫ്) എങ്കിൽ എന്നാണ് പ്രസ്തുത പ്രഖ്യാപനം ഉണ്ടായത് ; അതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ ;

(ജി) പ്രസ്തുത റോഡിന് 11-12-1997-ൽ പുതുക്കിയ ഭരണാനുമതി നൽകുന്നതിന് മുമ്പ് ഭരണാനുമതി നൽകിയിരുന്നതാണോ ;

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) എങ്കിൽ പ്രസ്തുത ഭരണാനുമതി നൽകിയത് എന്നാണ് ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ഐ) ഈ റോഡിന്റെ നിർമ്മാണത്തിന് സ്ഥലമെടുപ്പ് എന്ന് ആരംഭിച്ചു ; ഈ റോഡിന്റെ നിർമ്മാണത്തിന് ആവശ്യമായ സ്ഥലം മുഴുവൻ ലഭ്യമാക്കിയിട്ടുണ്ടോ ;

(ജെ) ഇല്ലെങ്കിൽ ഏറ്റുമാന്നൂർ മുതൽ പൂഞ്ഞാർ വരെയുള്ള ഭാഗത്ത് എവിടെയൊക്കെ എത്ര വിസ്തീർണ്ണം സ്ഥലം ലഭ്യമാക്കാനുണ്ട് എന്ന് അറിയിക്കാമോ ;

(കെ) സ്ഥലമെടുത്ത വകയിൽ സർക്കാരിന് മൊത്തം എത്ര തുക ചെലവായി.

(എൽ) സ്ഥലം ഏറ്റെടുക്കുന്നതിന് തുക അനുവദിച്ച് സർക്കാർ ഇറക്കിയ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ ;

(എം) ഇതുവരെ ടെണ്ടർ ചെയ്ത് ഏൽപ്പിച്ച് ജോലികൾക്ക് എത്ര തുക യുടെ ബില്ല് കോൺട്രാക്ടർമാരിൽ നിന്നും ഏറ്റുമാനൂർ - പൂഞ്ഞാർ സ്റ്റേറ്റ് ഹൈവെയുടെ നിർമ്മാണം സംബന്ധിച്ച് ലഭിച്ചിട്ടുണ്ട് ;

(എൻ) ഇതിൽ എത്ര തുക ഇതുവരെ കൊടുത്തുകഴിഞ്ഞു ; ബാക്കി എത്ര തുക കൊടുക്കാനുണ്ട് ;

(ഒ) ചെയ്ത ജോലിയുടെ ബിൽ തുക നൽകിയിട്ടില്ല എന്നതിന്റെ പേരിൽ ഏതെങ്കിലും കോൺട്രാക്ടർ ജോലി നിറുത്തിവച്ചതായി സർക്കാരിന് അറിവ് ലഭിച്ചിട്ടുണ്ടോ ;

(പി) ഈ സ്റ്റേറ്റ് ഹൈവേയുടെ നിർമ്മാണം ഏറ്റെടുത്തു നടത്തിയിരുന്ന ഏതെങ്കിലും കോൺട്രാക്ടർ ബിൽ തുക ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ടോ ;

(ക്യൂ) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) ബാധകമല്ല.

(ഡി) പരിഗണിക്കുന്നതാണ്.

(ഇ) പ്രഖ്യാപിച്ചിരുന്നു.

(എഫ്) 31-1-1985 ലെ ജി. ഒ. (ആർ. റ്റി.) 2548/95 പി. ഡബ്ല്യു.ഡി. ഉത്തരവനുസരിച്ച്.

(ജി & എച്ച്) 31-12-1985-ൽ ഭരണാനുമതി നൽകിയിരുന്നു. ഉത്തരവിന്റെ പകർപ്പ് ലഭ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഐ) 1986-ൽ സ്ഥലമെടുപ്പ് ആരംഭിച്ചു. എന്നാൽ ആവശ്യമായ സ്ഥലം മുഴുവൻ ലഭ്യമായിട്ടില്ല.

(ജെ) കിടങ്ങൂരിൽ 13.50 ആർ, പുലിയന്നൂരിൽ 3.69 ആർ, ലാളത്ത് 98.92 ആർ, ഭരണങ്ങാനത്ത് 88.92 ആർ, തലപ്പാലത്ത് 1 ഹെക്ടർ 54.98 ആർ, ഈരാറ്റുപേട്ടയിൽ 86.37 ആർ. ഇത്രയും സ്ഥലമാണ് ലഭിക്കാനുള്ളത്.

(കെ) 133 ലക്ഷം രൂപ ചെലവായി.

(എൽ) അനുബന്ധമായി വച്ചിട്ടുണ്ട്.†

(എം) 1,75,00,000 രൂപ

(എൻ) ഇതുവരെ ഒന്നും കൊടുത്തിട്ടില്ല.

(ഒ) ഇല്ല.

(പി) ഉണ്ട്.

(ക്യൂ) ടി. പി. ആന്റണി എന്ന കോൺട്രാക്ടർ നൽകിയ കേസിന്റെ വിധി പ്രകാരം യഥാസമയം പണം കൊടുത്തില്ലെങ്കിൽ 18% പലിശകൂടി കൊടുക്കാൻ ഉത്തരവായിട്ടുണ്ട്.

ഇറഞ്ഞാൽ-തിരുവഞ്ചൂർ റോഡ് പുനരുദ്ധാരണ പ്രവർത്തനങ്ങൾ

85 (3726) ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇറഞ്ഞാൽ - തിരുവഞ്ചൂർ റോഡ് പുനരുദ്ധാരണ പ്രവർത്തനങ്ങൾ തടസ്സപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പൊതുജനങ്ങൾ ഉപരോധവും ധർണയും നടത്തിയത് ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(ബി) ഈ റോഡിന്റെ പണിക്ക് ഉണ്ടായ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ ;

(സി) ഈ റോഡിന്റെ പണി എത്രയും വേഗം നടത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കരാറുകാർ യഥാസമയം പണി ഏറ്റെടുത്തു നടത്തുവാൻ വരാത്തതുകൊണ്ടാണ് കാലതാമസം ഉണ്ടായത്.

(സി) പ്രസ്തുത റോഡ് പണിക്കുള്ള ടെൻഡർ വകുപ്പിന്റെ വിവിധ തലങ്ങളിൽ പരിശോധിച്ചുവരുന്നു.

---

†അനുബന്ധം XIII

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XIII

30-3-2000-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 84 (3725) ദയവായി കാണുക

GOVERNMENT OF KERALA

ABSTRACT

PUBLIC WORKS DEPARTMENT - ROADS DIVISION, KOTTAYAM-IMPROVEMENTS TO ETTUMANOOR - POONJAR ROAD - KM 0/0 TO 34/400 TO STATE HIGHWAY STANDARDS - REVISED ADMINISTRATIVE SANCTION AND SANCTION FOR TAKING POSSESION OF THE LAND IN ADVANCE -ACCORDED - ORDER ISSUED.

PUBLIC WORK (L) DEPARTMENT

G. O. (Rt.) No. 1451/97/PWD. *Dated, Thiruvananthapuram 11-12-1997*

Read :- 1. GO. (R.t.) Letter No. 2546/85/PWD dated 31-12-1985.

2. Letter No. G1-14908/97/E dated 28-6-1997 and 01-24265/97 dated 7-7-1997 from the Chief Engineer (Roads & Bridges), Thiruvananthapuram.

ORDER

In the circumstances requested by the Chief Engineer (Roads & Bridges) in his letters sited above revised administrative sanction to accorded improvement for an amount of Rs. 1384 Lakhs. for the work of improvement to Ettumanoor - poonjar road - KM 0/00 to 34/400 to state highway standards subject to the specific condition that the expenditure for this financial year will be limited to the available budget provision of 8.10 lakhs.

Sanction is also accorded for taking in advance possession on appropriate area of 147.7082 in survey No. 105/1 at km.0/600 left side of Ettumanoor-poonjar road invoking urgency clause of the land aquisition act of 1894, to avoid delay. The instruction contained in circular No. 6030/B1/94/ED dated 30-11-1996 will be followed while taking the land in advance possession.

by order of the Governor

Under Secretary to Government

To,

The Cheif Engineer (Roads & Bridges), Thiruvananthapuram

The Superintending Engineer (Roads & Bridges).

The Executive Engineer, Thiruvananthapuram

The Accountant General (Audit/A&G) Kerala

The Finance Department (vide GO. .....)

LIBRARY ARCHIVES Kerala Legislative Assembly